**Lang. Code : 09**

इस पुस्तिका में **24** पृष्ठ हैं ।
This booklet contains **24** pages.

# AAT-20-II

**प्रश्न-पत्र II / PAPER II**

**मलयालम भाषा परिशिष्ट**
**Malayalam Language Supplement**
**भाग IV & V / PART IV & V**

**परीक्षा पुस्तिका संकेत**
**Test Booklet Code**

# M

**परीक्षा पुस्तिका संख्या**
**Test Booklet No.**

**इस परीक्षा पुस्तिका को तब तक न खोलें जब तक कहा न जाए ।**
**Do not open this Test Booklet until you are asked to do so.**
**इस परीक्षा पुस्तिका के पिछले आवरण (पृष्ठ 23 व 24) पर दिए निर्देशों को ध्यान से पढ़ें ।**
**Read carefully the Instructions on the Back Cover (Page 23 & 24) of this Test Booklet.**

**मलयालम में निर्देशों के लिए इस पुस्तिका का पृष्ठ 2 देखें । / For instructions in Malayalam see Page 2 of this Booklet.**

## परीक्षार्थियों के लिए निर्देश

1. यह पुस्तिका मुख्य परीक्षा पुस्तिका की एक परिशिष्ट है, उन परीक्षार्थियों के लिए जो या तो भाग IV (भाषा I) **या** भाग V (भाषा II) **मलयालम** भाषा में देना चाहते हैं, लेकिन **दोनों नहीं** ।
2. परीक्षार्थी भाग I एवं भाग II **या** III के उत्तर मुख्य परीक्षा पुस्तिका से दें और भाग IV व V के उत्तर उनके द्वारा चुनी भाषाओं से ।
3. अंग्रेज़ी व हिन्दी भाषा पर प्रश्न मुख्य परीक्षा पुस्तिका में भाग IV व भाग V के अन्तर्गत दिए गए हैं । भाषा परिशिष्टों को आप अलग से माँग सकते हैं ।
4. इस पृष्ठ पर विवरण अंकित करने एवं उत्तर पत्र पर निशान लगाने के लिए **केवल काले/नीले बॉल पॉइंट पेन** का प्रयोग करें ।
5. इस भाषा पुस्तिका का **संकेत** है **M**। यह सुनिश्चित कर लें कि इस भाषा परिशिष्ट पुस्तिका का संकेत, उत्तर पत्र के **पृष्ठ-2** एवं मुख्य परीक्षा पुस्तिका पर छपे संकेत से मिलता है । अगर यह भिन्न हो, तो परीक्षार्थी दूसरी भाषा परिशिष्ट परीक्षा पुस्तिका लेने के लिए निरीक्षक को तुरन्त अवगत कराएँ ।
6. इस परीक्षा पुस्तिका में **दो** भाग IV और V हैं, जिनमें **60** वस्तुनिष्ठ प्रश्न हैं, जो प्रत्येक 1 अंक का है :
   भाग-IV : भाषा-I (मलयालम) (प्र. 91 से प्र. 120)
   भाग-V : भाषा-II (मलयालम) (प्र. 121 से प्र. 150)
7. भाग-IV में भाषा-I के लिए 30 प्रश्न और भाग-V में भाषा-II के लिए 30 प्रश्न दिए गए हैं । इस परीक्षा पुस्तिका में केवल मलयालम भाषा से संबंधित प्रश्न दिए गए हैं । **यदि भाषा-I और/या भाषा-II में आपके द्वारा चुनी गई भाषा(एँ) मलयालम के अलावा है तो कृपया उस भाषा वाली परीक्षा पुस्तिका माँग लीजिए । जिन भाषाओं के प्रश्नों के उत्तर आप दे रहे हैं वह आवेदन पत्र में चुनी गई भाषाओं से अवश्य मेल खानी चाहिए ।**
8. **परीक्षार्थी भाग-V (भाषा-II) के लिए, भाषा सूची से ऐसी भाषा चुनें जो उनके द्वारा भाषा I (भाग-IV) में चुनी गई भाषा से भिन्न हो ।**
9. रफ कार्य परीक्षा पुस्तिका में इस प्रयोजन के लिए दी गई खाली जगह पर ही करें ।
10. सभी उत्तर केवल OMR उत्तर पत्र पर ही अंकित करें । अपने उत्तर ध्यानपूर्वक अंकित करें । उत्तर बदलने हेतु श्वेत रंजक का प्रयोग निषिद्ध है ।

## *INSTRUCTIONS FOR CANDIDATES*

1. This booklet is a supplement to the Main Test Booklet for those candidates who wish to answer **EITHER** Part IV (Language I) **OR** Part V (Language II) in **MALAYALAM** language, but **NOT BOTH**.
2. Candidates are required to answer Part I and Part II **OR** III from the Main Test Booklet and Parts IV and V from the languages chosen by them.
3. Questions on English and Hindi languages for Part IV and Part V have been given in the Main Test Booklet. Language Supplements can be asked for separately.
4. Use **Black/Blue Ball Point Pen only** for writing particulars on this page / marking responses in the Answer Sheet.
5. The CODE for this Language Booklet is **M**. Make sure that the CODE printed on **Side-2** of the Answer Sheet and on your Main Test Booklet is the same as that on this Language Supplement Test Booklet. In case of discrepancy, the candidate should immediately report the matter to the Invigilator for replacement of the Language Supplement Test Booklet.
6. This Test Booklet has **two** Parts, IV and V, consisting of **60** Objective Type Questions, each carrying 1 mark :
   Part-IV : Language-I (Malayalam) (Q. 91 to Q. 120)
   Part-V : Language-II (Malayalam) (Q. 121 to Q. 150)
7. Part-IV contains 30 questions for Language-I and Part-V contains 30 questions for Language-II. In this Test Booklet, only questions pertaining to Malayalam language have been given. **In case the language/s you have opted for as Language-I and/or Language-II is a Language other than Malayalam, please ask for a Test Booklet that contains questions on that language. The language being answered must tally with the languages opted for in your Application Form.**
8. **Candidates are required to attempt questions in Part -V (Language-II) in a language other than the one chosen as Language-I (in Part-IV) from the list of languages.**
9. Rough work should be done only in the space provided in the Test Booklet for the same.
10. The answers are to be recorded on the OMR Answer Sheet only. Mark your responses carefully. No whitener is allowed for changing answers.

परीक्षार्थी का नाम (बड़े अक्षरों में) : ____________________
Name of the Candidate (in Capitals) :

अनुक्रमांक : (अंकों में) ____________________
Roll Number : in figures
: (शब्दों में) ____________________
: in words

परीक्षा केन्द्र (बड़े अक्षरों में) : ____________________
Centre of Examination (in Capitals) :

परीक्षार्थी के हस्ताक्षर : ____________ निरीक्षक के हस्ताक्षर : ____________
Candidate's Signature : Invigilator's Signature :

Facsimile signature stamp of
Centre Superintendent ____________________

**M**

**Lang. Code : 09**

# AAT-20-II

പരീക്ഷാ ചെറുപുസ്തക സങ്കേതം

**M**

ഈ പുസ്തികയിൽ **24** താളുകൾ ഉണ്ട്.

## പേപ്പർ II

## മലയാളം ഭാഷാ അനുബന്ധം

## ഭാഗം IV & V

**പറയുന്നതുവരെ ഈ പരീക്ഷാ പുസ്തിക തുറക്കരുത്.**

**ഈ പുസ്തികയുടെ പുറംതാളിൽ (പേജ് 23 & 24) കൊടുത്തിരിക്കുന്ന നിർദ്ദേശങ്ങൾ വായിക്കുക.**

**പരീക്ഷാർത്ഥികൾക്കുള്ള നിർദ്ദേശങ്ങൾ :**

1. ഈ പുസ്തിക മുഖ്യപരീക്ഷാ പുസ്തകത്തിന്റെ ഒരു അനുബന്ധമാണ് IV (ഭാഷ I) അല്ലെങ്കിൽ V (ഭാഷ II) ഭാഗം മാത്രം മലയാളത്തിൽ ഉത്തരമെഴുതാൻ ആഗ്രഹിക്കുന്ന പരീക്ഷാർത്ഥികൾക്കുവേണ്ടിയാണ്, രണ്ടു ഭാഗങ്ങളും ഒരേ ഭാഷയിൽ എഴുതാനല്ല.
2. പരീക്ഷാർത്ഥികൾ I ഉം, II ഓ III ഓ ഭാഗവും മുഖ്യ പരീക്ഷാ പുസ്തകത്തിലും IV ഉം V ഉം ഭാഗങ്ങൾ തങ്ങൾ തെരഞ്ഞെടുത്ത ഭാഷയിലും ഉത്തരമെഴുതണം.
3. IV ഉം V ഉം ഭാഗങ്ങളിലെ ഇംഗ്ലീഷ്/ഹിന്ദി ചോദ്യങ്ങൾ മുഖ്യ പരീക്ഷാ പുസ്തകത്തിലുണ്ട്. ഇതര ഭാഷാ അനുബന്ധങ്ങൾ ചോദിച്ചു വാങ്ങുക.
4. ഈ പേജിലെ വിവരങ്ങൾ എഴുതാനും/ഉത്തരം എഴുതാനും, **നീല ബോൾ പോയിന്റ് പേന മാത്രം** ഉപയോഗിക്കുക.
5. ഈ പുസ്തികയുടെ സങ്കേതം (കോഡ്) **M** ആണ്. നിങ്ങളുടെ ഉത്തരക്കടലാസ്സിന്റെ **വശം 2**-ലും നിങ്ങളുടെ മുഖ്യ പരീക്ഷാ പുസ്തകത്തിലും ഉള്ള സങ്കേതം (കോഡ്) ഈ ഭാഷാ അനുബന്ധത്തിലുള്ള അതേ കോഡ് തന്നെ എന്ന് ഉറപ്പുവരുത്തുക.
6. IV, V എന്ന **രണ്ടു** ഭാഗങ്ങൾ ഈ പുസ്തികയിൽ ഉണ്ട്. **60** വസ്തുനിഷ്ഠമായ (ഓബ്ജക്റ്റീവ്) ചോദ്യങ്ങളും ഉണ്ട്. ഓരോ ചോദ്യത്തിനും **ഒരു (1)** മാർക്ക്.
   ഭാഗം IV - ഭാഷ-I (മലയാളം) (ചോദ്യം 91 - 120)
   ഭാഗം V - ഭാഷ-II (മലയാളം) (ചോദ്യം 121 - 150)
7. ഭാഗം IVൽ (ഭാഷ I) **30** ചോദ്യങ്ങളും, ഭാഗം Vൽ (ഭാഷ II) **30** ചോദ്യങ്ങളും ഉണ്ട്. ഈ പുസ്തികയിൽ മലയാള ഭാഷയിൽ മലയാള ഭാഷയെ ആസ്പദമാക്കിയ ചോദ്യങ്ങളാണ് ഉള്ളത്. **നിങ്ങൾ മലയാള ഭാഷയല്ലാതെ വേറേ ഭാഷ I / ഭാഷ II തെരഞ്ഞെടുത്തതെങ്കിൽ, ആ ഭാഷയിലെ ചോദ്യങ്ങൾ ആവശ്യപ്പെടുക. അപേക്ഷാ ഫോമിലെന്തു ഭാഷയാണോ നിങ്ങൾ ഐച്ഛികമായി എടുത്തിരിക്കുന്നത് അതേ ഭാഷയിലെ തന്നെ ചോദ്യങ്ങളായിരിക്കണം നിങ്ങൾ ഉത്തരമെഴുതേണ്ടത്.**
8. **പരീക്ഷാർത്ഥികൾ ഭാഗം V (ഭാഷ II)ൽ ഉത്തരമെഴുതുന്ന ഭാഷ ഭാഗം IV (ഭാഷ I)ൽ നിന്നും വ്യത്യസ്തമായ ഭാഷയായിരിക്കണം.**
9. റഫ് വർക്ക് ചെയ്യുന്നതിന് പരീക്ഷാ പുസ്തികയിൽ അതിനായി തന്നിട്ടുള്ള സ്ഥാനത്ത് മാത്രം ചെയ്യുക.
10. ഉത്തരങ്ങൾ OMR ഉത്തര പുസ്തികയിൽ മാത്രം രേഖപ്പെടുത്തുക. ഉത്തരം ശ്രദ്ധാപൂർവ്വം രേഖപ്പെടുത്തുക. ശ്വേത രഞ്ജകം (Whitener) ഉപയോഗിക്കാൻ അനുവാദമില്ല.

പരീക്ഷാർത്ഥിയുടെ പേര് : ____________________

റോൾ നമ്പർ : (അക്കത്തിൽ) ____________________

: (അക്ഷരത്തിൽ) ____________________

പരീക്ഷാ കേന്ദ്രം (വലിയ അക്ഷരത്തിൽ) : ____________________

പരീക്ഷാർത്ഥിയുടെ ഒപ്പ് ____________________ ഇൻവിജിലേറ്ററിന്റെ ഒപ്പ് ____________________

Facsimile signature stamp of Centre Superintendent ____________________

**ഭാഷ I മലയാളം** തെരഞ്ഞെടുത്ത പരീക്ഷാർത്ഥികൾ മാത്രം **ഭാഗം IV (ചോദ്യങ്ങൾ 91-120)** ഉത്തരമെഴുതുക.

Candidates should attempt the questions from **Part-IV [Q. No. 91 – 120],** if they have opted **MALAYALAM** as **LANGUAGE – I** only.

**ഭാഗം – IV**

**ഭാഷ – I**

**മലയാളം**

**ഭാഷ – I മലയാളം തെരഞ്ഞെടുത്ത പരീക്ഷാർത്ഥികൾ മാത്രം ഭാഗം – IV (ചോദ്യങ്ങൾ 91-120) ഉത്തരമെഴുതുക.**

**താഴെ കൊടുത്തിരിക്കുന്ന ഗദ്യഭാഗം വായിച്ച് ചോദ്യങ്ങൾക്ക് (91-99) ശരിയായ ഉത്തരം തെരഞ്ഞെടുത്ത് എഴുതുക.**

ജീവിതത്തിന്റെ സമഗ്രദർശനം കലയിൽ ഉണ്ടാക്കുന്ന വർണ്ണനാതീതമായ വൈരുധ്യസങ്കലനത്തിന്റെ അപദാനങ്ങളാണ് കോനാർക്ക് മുതലായ ഭാരതീയദേവാലയങ്ങൾ എന്നാണ് ആനന്ദകുമാരസ്വാമിയും ബഷാമും മറ്റും എഴുതിയിട്ടുള്ളത്. എന്റെ അനുഭവവും ഇതാണ്.

ഭാരതീയകലകളെ വാസ്തു-ശില്പങ്ങളുടെ അവശിഷ്ടങ്ങളിലൂടെ പഠിക്കാൻ മുതിരാം. നമ്മുടെ കലകളുടെ കേന്ദ്രസ്ഥമായ സൂര്യഗോളം വാസ്തു ശില്പം അഥവാ ആലയനിർമ്മാണം ആണ് എന്നെനിക്കു തോന്നുന്നു. അതിനോടനുബന്ധിച്ച് വളർന്ന സഹകലകളാണ് പ്രതിമാശില്പം, വർണ്ണാലേഖ്യം മുതലായവ. കണ്ണുള്ളതുകൊണ്ട് സ്വയം ജീവിക്കുന്നു എന്ന് കരുതുന്ന ലോകത്തിന്റെ മുമ്പിൽ ആദ്യം തള്ളിക്കയറിവരുന്നത് കൂറ്റൻ കെട്ടിടങ്ങ-ളാണ്. എടുത്തു മാറ്റാൻപോലും പറ്റാത്ത സ്ഥാവരതയുടെ കലയാണ് വാസ്തുവിദ്യ. ഇന്ത്യയിൽ അതിന്റെ വിജയക്കൊടി-ക്കൂറയാണ് കോനാർക്കിലെ സൂര്യക്ഷേത്രം. സ്ഥാവരത്വത്തിൽ ജംഗമസ്വഭാവം കാണിക്കുന്ന കലയുടെ പരോക്ഷ സത്യോന്മുഖമായ ഇന്ദ്രജാലം, കഴിഞ്ഞു-പോയ നൂറ്റാണ്ടുകൾ തന്നിലേല്പിച്ച അംഗഭംഗങ്ങളെ വകവയ്ക്കാതെ, അനക്ക-മെന്യെ അനുകമ്പയോടെ, കലയുടെ ഹിമാലയംപോലെ ചുറ്റും നോക്കി-നില്ക്കുന്ന കോനാർക്ക്, ഒരേസമയം ചഞ്ചലതയുടെയും നിഷ്പന്ദതയുടെയും അനുഭവസമ്മേളനമായി വർത്തിക്കുന്നു.

കോനാർക്ക് ഒറീസ്സയിലാണ്. ഒറീസ്സ ഇന്ന് ഇന്ത്യയിലെ ഏറ്റവും പിൻ നിരയിലുള്ള സംസ്ഥാനങ്ങളിലൊന്നാണ്. എന്തെങ്കിലും അവിടെ നില നിൽക്കുന്നുണ്ടെങ്കിൽ അത് ഭൂതകാലത്തിന്റെ ബാക്കിമാത്രമാണ്. സൂര്യനു വേണ്ടി സമർപ്പിച്ചതാണ് കോനാർക്ക്. ഇന്ത്യ ഉച്ചരിച്ച ഏറ്റവും ശ്രേഷ്ഠമായ മന്ത്രം ഗായത്രി അഥവാ സാവിത്രിയാണല്ലോ – "തത് സവിതുർ വരേണ്യം ഭർഗോ ദേവസ്യ ധീമഹി." ഏതോ ഋഷിയെപ്പോലെ സൂര്യനെ ധ്യാനിച്ചു കൊണ്ടിരിക്കുന്നു കോനാർക്ക്! ഏഴു

കുതിരകളെ പൂട്ടിയ തേരിൽ സൂര്യൻ പോവുകയാണ്. ഇരുനൂറടി ഉയരത്തിലാണ് ഇതുണ്ടാക്കി വെച്ചിട്ടുള്ളത്. ഇപ്പോൾ പല ഭാഗവും ഇടിഞ്ഞു പൊളിഞ്ഞു വീണു കിടക്കുന്നു. ഇന്ത്യയുടെ ഇന്നത്തെ ക്ഷയം അവിടെ കാണാം; പഴയകാലത്തെ ജീവനും അവിടെയുണ്ട്. ക്ഷേത്രച്ചുമരുകൾ മുഴുവൻ അന്നത്തെ വിചിത്രങ്ങളായ കലാരൂപങ്ങളാണ്, യക്ഷിയക്ഷകിന്നരഗന്ധർവ്വന്മാർ, മൃഗമാനുഷതാപസർ. ഇതു കണ്ടിട്ടാണ് അശ്ലീലമാണെന്ന് പറയുന്നത്. സത്യത്തിൽ അത് എല്ലാം കൊള്ളുന്ന മഹാപ്രപഞ്ചമാണ്. സൂര്യൻ കുതിരകളെപ്പൂട്ടിയ രഥത്തിൽ പോകുമ്പോൾ കാണുന്നതെന്ത് ? അവൻ കാണുന്നത് സമസ്തപ്രപഞ്ചവുമാണ്-ശ്ലീലവും അശ്ലീലവും അടക്കം. ആ കാഴ്ചകളാണ് ചുമരിൽ കൊത്തിവെച്ചിരിക്കുന്നത്. ഇവിടെ തെറ്റെന്ത് ? സൂര്യന്റെ ദൃഷ്ടിയിൽ എല്ലാ വൈകൃതങ്ങളും കടന്നുവരും. കലാപരമായ ഭാവന മതി അതു മനസ്സിലാക്കാൻ. ഇതുണ്ടാക്കിയ കലാകാരന്മാരെ അപമാനിക്കുവാൻ അതെക്കുറിച്ചെഴുതി പണമുണ്ടാക്കുന്നവരുണ്ടിവിടെ. ഇതാണ് വൈകൃതം! സൂര്യൻ ലോകത്തിന്റെ നിത്യസാക്ഷികളിലൊരാളാണ്.

**91. കൊനാർക്കിന്റെ ഉയരം എത്രയാണെന്ന് ലേഖകൻ പ്രസ്താവിക്കുന്നു ?**

(1) അമ്പത് അടി

(2) നൂറ് അടി

(3) ഇരുനൂറ് അടി

(4) മുന്നൂറ് അടി

**92. ലോകത്തിന്റെ നിത്യസാക്ഷിയായി വിശേഷിപ്പിച്ചിരിക്കുന്നത്**

(1) ഈശ്വരൻ

(2) സൂര്യൻ

(3) കവി

(4) ചന്ദ്രൻ

**93. ജീവിതത്തിന്റെ സമഗ്രദർശനം കലയിൽ പ്രതിഫലിച്ചതിന്റെ തെളിവായി പണ്ഡിതന്മാർ അംഗീകരിച്ചതെന്ത് ?**

(1) പ്രാചീന ഭാരതീയ ദേവാലയങ്ങൾ

(2) പ്രാചീന ഗുഹകൾ

(3) രാജ കൊട്ടാരങ്ങൾ

(4) കരിങ്കൽ ശില്പങ്ങൾ

94. ഇന്ത്യ ഉച്ചരിച്ച ഏറ്റവും ശ്രേഷ്ഠമായ മന്ത്രമായി ലേഖകൻ വിശേഷിപ്പിക്കുന്നത് ഏത് ?

(1) താരക മന്ത്രം

(2) മൃത്യുജ്ഞയ മന്ത്രം

(3) ഗായത്രീ മന്ത്രം

(4) പുരുഷ സൂക്തം

95. സൂര്യൻ സഞ്ചരിക്കുന്നത് എത്ര കുതിരകളെ പൂട്ടിയ രഥത്തിലാണ് ?

(1) രണ്ട്

(2) നാല്

(3) അഞ്ച്

(4) ഏഴ്

96. 'സ്ഥാവരം' എന്നതിന്റെ വിപരീത പദം ഏത് ?

(1) ജീവനം

(2) സംഗമം

(3) ജംഗമം

(4) കേവലം

97. സ്ഥാവരതയുടെ കലയായി ലേഖകൻ വിശേഷിപ്പിക്കുന്നതെന്ത് ?

(1) ക്ഷേത്രങ്ങൾ

(2) വാസ്തുവിദ്യ

(3) പ്രതിമാശില്പം

(4) വർണ്ണാലേഖ്യം

98. കോനാർക് സ്ഥിതി ചെയ്യുന്നത് എവിടെ

(1) മധ്യപ്രദേശ്

(2) ഉത്തർ പ്രദേശ്

(3) തമിഴ്നാട്

(4) ഒറീസ്സ

99. കൊനാർക്കിനെ പ്രശസ്തമാക്കിയത്

(1) ജഗന്നാഥ ക്ഷേത്രം

(2) സൂര്യ ക്ഷേത്രം

(3) ലിംഗരാജ ക്ഷേത്രം

(4) രാമക്ഷേത്രം

**താഴെ കൊടുത്തിരിക്കുന്ന പദ്യഭാഗം വായിച്ച് ചോദ്യങ്ങൾക്ക് (100-105) ശരിയായ ഉത്തരം തെരഞ്ഞെടുത്ത് എഴുതുക.**

ജനിച്ച നാടുവി, ട്ടകലെയാസ്സാമിൽ
പണിക്കു പോയ് വരും പരിഷകൾ ഞങ്ങൾ.

കുതിച്ചു തീവണ്ടി കിതച്ചു പായുന്നു,
കുതുകാൽ ചിന്തകൾ കുതിക്കുന്നു മുമ്പേ.

പലനാളായ് പിരിഞ്ഞിരുന്ന ഞങ്ങൾക്കീ
മലനാടെത്രമേൽ മധുരദർശനം

തുരുതുരെക്കൊക്കു പറക്കും പാടങ്ങൾ,
തുടരണിമണി കിലുങ്ങും മേടുകൾ,

മുടി വിടുർത്താടും കവുങ്ങുതെങ്ങുകൾ-
ക്കിടയ്ക്കു പുഞ്ചിരിപൊഴിക്കും വീടുകൾ,

കരയ്ക്കു മാമ്പൂവാം നിരത്തുകൾ, നാട്ടിൻ-
പുറത്തെ സ്വപ്നംകണ്ടെഴും നഗരികൾ

ഉടനുടനോടിയടുക്കട്ടേ, ചുറ്റും
നടനംചെയ്യട്ടേ, പഴയ കൂട്ടുകാർ!

ഒരൊററത്തെങ്ങു കണ്ടിടത്തിലൊക്കെയും
സ്മരിച്ചു ഞങ്ങളിപ്പിറന്ന നാടിനെ.
വെളുത്ത വസ്ത്രമൊന്നുടുത്തു കണ്ടിട-
ത്തലിവൊടോർത്തിതീയമലനാടിനെ,

അറിയുമേ ഞങ്ങ, ളറിയുമീ നാടു
നരകമാക്കീടും നരകീടങ്ങളെ.

**100. മധുര ദർശനമാകുന്നത് എന്ത്**

(1) ആസ്സാം

(2) തീവണ്ടി

(3) മലനാട്

(4) തെങ്ങുകൾ

**101. ഏതു പ്രദേശത്തുനിന്നാണ് തീവണ്ടിയിലുള്ളവർ യാത്രചെയ്യുന്നത്**

(1) ആസ്സാം

(2) ബംഗാൾ

(3) ഒറീസ്സ

(4) ബിഹാർ

**102. തീവണ്ടിയേക്കാൾ വേഗത്തിൽ സഞ്ചരിക്കുന്നതായി പറയുന്നതെന്ത് ?**

(1) മലനിരകൾ

(2) സ്വപ്നങ്ങൾ

(3) ചിന്തകൾ

(4) കൊക്കുകൾ

**103. നരകം എന്നതിന്റെ വിപരീത പദം ഏത് ?**

(1) സ്വർഗം

(2) നഗരം

(3) കനകം

(4) വിരഹം

**104. 'കവുങ്ങുതെങ്ങുകൾ' സമാസമേത് ?**

(1) അവ്യയീഭാവൻ

(2) കർമ്മധാരയൻ

(3) ദ്വന്ദ്വൻ

(4) ബഹുവ്രീഹി

**105. ഏതു കാണുമ്പോഴാണ് ജന്മനാടിനെ ഓർമ്മ വരുന്നത് ?**

(1) തീവണ്ടി

(2) തെങ്ങ്

(3) കവുങ്ങ്

(4) മുണ്ടുടുത്തവർ

**നിർദ്ദേശങ്ങൾ : താഴെ കൊടുത്തിരിക്കുന്ന ചോദ്യങ്ങളിൽ ഏറ്റവും ഉചിതമായ ഉത്തരം തെരഞ്ഞെടുത്ത് എഴുതുക.**

**106.** ഓരോ ഭാഷയ്ക്കും സ്വന്തമായ വ്യാകരണമുണ്ട് അത്:

(1) നിയമബദ്ധമാണ്

(2) സംസ്ഥാന നിയന്ത്രണത്തിലുള്ളതാണ്

(3) കേന്ദ്രനിയന്ത്രണത്തിലുള്ളതാണ്

(4) ലിപിബദ്ധമാണ്

**107. ത്രിഭാഷാപദ്ധതിയിലെ മൂന്നാം ഭാഷ**

(1) രാജ്യം മുഴുവൻ ഒന്നാണ്

(2) സംസ്കൃതം മാത്രമാണ്

(3) ഹിന്ദി പ്രദേശങ്ങളിലും അഹിന്ദി പ്രദേശങ്ങളിലും വ്യത്യസ്തമാണ്

(4) ഏതെങ്കിലും വിദേശഭാഷ മാത്രമാണ്

**108. 'ബേട്ടി ബചാവോ ബേട്ടി പാഠാവോ' എന്നെഴുതിയ പോസ്റ്റർ ടീച്ചർ ക്ലാസ്സിലെ ചുമരിൽ പതിക്കുന്നു. അതിൽ ശ്രദ്ധിച്ചശേഷം അതിനെപ്പറ്റി ഒരു ഖണ്ഡിക എഴുതാൻ കുട്ടികളോട് ആവശ്യപ്പെടുന്നു. ഇവിടെ ടീച്ചർ ഉപയോഗിക്കുന്ന പോസ്റ്റർ :-**

(1) ആധികാരിക വസ്തുവാണ്

(2) ഉദ്ഗ്രഥിത വസ്തുവാണ്

(3) പ്രാമാണിക വസ്തുവാണ്

(4) പാഴ്‌വസ്തുവാണ്

**109. അനർഹളത (Fluency) എന്നത്**

(1) തെറ്റില്ലാതെ എഴുതുന്നത്

(2) വ്യക്തമായി വ്യാകരണ തത്ത്വ മുപയോഗിച്ച് വിശദീകരിക്കുന്നത്

(3) വാക്യം ശരിയായി ഉച്ചരിക്കുന്നത്

(4) ഔചിത്യത്തോടെ സംസാരിക്കുകയും വായിക്കുകയും എഴുതുകയും ചെയ്യുന്നത്

**110. വായനയിലെ കീഴ്-മേൽ സമീപനത്തിൽ ഊന്നൽ നൽകുന്നത്**

**എ.** ശബ്ദം

**ബി.** അക്ഷരം

**സി.** വാക്യം

**ഡി.** പദം

**ഇ.** പദാംശം

(1) എ ഡി ഇ ബി സി

(2) എ ബി സി ഡി ഇ

(3) എ ഇ ബി ഡി സി

(4) ബി സി എ ഇ ഡി

**111. താഴെ കൊടുത്തവയിൽ ഏതാണ് ഭാഷാർജ്ജനത്തിലെ 'സാമൂഹ്യ വിനിമയ' സിദ്ധാന്തത്തെ അടിസ്ഥാനമാക്കിയുള്ളത് ?**

(1) ഉയർന്ന നിലവാരമുള്ള പ്രശ്നങ്ങളും വിഷമതകളും അടങ്ങുന്നത്.

(2) പാഠ്യപദ്ധതിയ്ക്കു പുറമേക്കു നീങ്ങിക്കൊണ്ടു മാത്രമേ ഭാഷ പഠിക്കാൻ കഴിയൂ.

(3) ആരംഭിക്കുന്നതിനും ഉറപ്പിക്കുന്നതിനുമുള്ള അവസരങ്ങൾ ലഭിക്കുമ്പോൾ മാത്രമേ ഭാഷ സ്വായത്തമാകുന്നുള്ളൂ.

(4) മറ്റുള്ളവരുമായി അർത്ഥവിചാരത്തിനും സംവാദത്തിനും പഠിതാക്കൾക്ക് അവസരം ലഭിക്കണം.

**112. പ്രവചനം (Prediction) എന്നത് ഏത് ഉപനൈപുണിയുമായി ബന്ധപ്പെട്ടതാണ് ?**

(1) കരടുരേഖ തയ്യാറാക്കൽ

(2) സംഗ്രഹണം

(3) നോട്ടു കുറിക്കൽ

(4) വായന

**113. നല്ല ജോലിസാധ്യത ലക്ഷ്യമാക്കി ഒരു ഭാഷ പഠികുമ്പോൾ അവരുടെ ഭാഷാപഠനത്തിനുള്ള പ്രചോദനമെന്നത് :**

(1) നൈസർഗികമാണ്

(2) അസ്വാഭാവികമാണ്

(3) തൊഴിലധിഷ്ഠിതമാണ്

(4) സ്വാഭിമാന പ്രേരിതമാണ്

**114. ഫലപ്രദമായ ഭാഷാക്ലാസ്സിന്റെ പ്രധാന സവിശേഷത, അത് പഠിതാക്കൾക്ക് __________ അവസരമൊരുക്കുന്നു എന്നതാണ്.**

(1) മൂല്യനിർണ്ണയത്തിന്

(2) അനുകരണത്തിന്

(3) പരസ്പരവിനിമയത്തിന്

(4) തെറ്റുകൾ കുറയ്ക്കുന്നതിന്

**115. സാകല്യ ക്ലാസ്സുമുറി (inclusive) യിൽ പഠിപ്പിക്കുന്ന ടീച്ചർ ചെയ്യേണ്ടത്**

(1) സമർത്ഥരായ വിദ്യാർത്ഥികളോട് പഠനത്തിൽ പിന്നോക്കമായ വിദ്യാർത്ഥികളെ സഹായിക്കാൻ നിർദ്ദേശിക്കുക.

(2) വ്യത്യസ്ത പഠനരീതികളിലൂടെ പഠന പ്രക്രിയയിൽ സഹായിക്കുക.

(3) പ്രിൻസിപ്പലിനോട് അവർക്കായി പ്രത്യേകം ഭ്യൂട്ടറെ നിയോ-ഗിക്കാൻ ശുപാർശ ചെയ്യുക.

(4) സ്ക്കൂളിലുള്ള ആറുമണിക്കൂർ അവർക്ക് പ്രശ്നങ്ങളൊന്നുമി-ല്ലെന്ന് ഉറപ്പുവരുത്തുക

**116. ഭാഷാ കൗശലത്തിന് താഴെ കൊടുത്തവയിൽ ഏതാണ് ഏറ്റവും മുഖ്യമായത്**

(1) ഉച്ചാരണ ശുദ്ധിയോടെയുള്ള വായന

(2) പാഠ പുസ്തകത്തിലെ അധ്യായത്തിന്റെ അവസാനം കൊടുത്തിട്ടുള്ള അഭ്യാസം പൂർത്തിയാക്കുക.

(3) കൃത്യതയും അനർഗളതയും വികസിപ്പിക്കുക.

(4) ചിലവു കുറഞ്ഞതോ ചിലവില്ലാത്തതോ ആയ അധ്യയന സഹായികൾ ഉപയോഗിക്കുക.

**117. പ്രഭാവശാലിയായ ഭാഷാധ്യാപകൻ**

(1) കൂടുതൽ സമയം സംസാരിക്കുന്നു.

(2) കുട്ടികളെക്കൊണ്ട് കൂടുതൽ സംസാരിപ്പിക്കുന്നു.

(3) കുട്ടികളെക്കൊണ്ട് കുറച്ച് സംസാരിപ്പിക്കുന്നു.

(4) സംഘം ചേർന്നോ ജോടികളായോ ഉള്ള പ്രവർത്തനം കുറച്ചുമാത്രം നല്കുന്നു.

**118. ലിഖിത സമൃദ്ധമായ അന്തരീക്ഷത്തിന് താഴെ കൊടുത്തവയിൽ അവിഭാജ്യമായ ഘടകങ്ങളേവ ?**

(1) സ്ക്കൂൾ, ക്ലാസ്സുമുറി

(2) വായന, സ്വയംപഠനം

(3) സാക്ഷരത, ഭാഷ

(4) സ്വയം പഠനം, വൈദഗ്ധ്യം

**119. ബഹുഭാഷിത്വം ഒരു പ്രഭവമെന്ന നിലയിൽ ലക്ഷ്യമാക്കുന്നത്**

(1) പല ഭാഷകൾ പഠിക്കൽ

(2) കുട്ടിയുടെ ഭാഷയിൽ ഓരോ പദത്തിന്റെയും സമാനപദം നൽകൽ

(3) പാഠ്യപദ്ധതിയ്ക്കപ്പുറത്തേക്ക് അധ്യാപനം വ്യാപിപ്പിക്കൽ

(4) പഠന തന്ത്രമെന്ന നിലയിൽ പഠിതാവിന്റെ ഭാഷ ഉപയോഗിക്കൽ

**120. അങ്കിത് കാഴ്ചവൈകല്യമുള്ള കുട്ടിയാണ്. ഭാഷാധ്യാപകനെന്ന നിലയിൽ നിങ്ങൾ ചെയ്യേണ്ടത്**

(1) പരിശീലനത്തിന് വ്യത്യസ്ത വർക്ക്ഷീറ്റുകൾ നൽകുന്നതിൽ ശ്രദ്ധിക്കും.

(2) അധ്യാപനത്തിൽ വിവിധതരം ദൃശ്യാവതരണങ്ങൾ ഉപയോഗിക്കും.

(3) വിവിധതരം ആംഗ്യചേഷ്ടകളും ശരീര ചലനങ്ങളും ഉപയോഗിക്കും.

(4) വസ്തുക്കളെ തൊട്ടും അറിഞ്ഞും ഊണങ്ങളും നിറുത്തലുകളും ഉപയോഗിച്ചും കൃത്യതയോടെ സംസാരിക്കും.

**ഭാഷ II മലയാളം** തെരഞ്ഞെടുത്ത പരീക്ഷാർത്ഥികൾ മാത്രം **ഭാഗം V (ചോദ്യങ്ങൾ 121-150)** ഉത്തരമെഴുതുക.

Candidates should attempt the questions from **Part-V [Q. No. 121 – 150],** if they have opted **MALAYALAM** as **LANGUAGE – II** only.

## ഭാഗം – V
## ഭാഷ – II
## മലയാളം

**ഭാഷ – II മലയാളം തെരഞ്ഞെടുത്ത പരീക്ഷാർത്ഥികൾ മാത്രം ഭാഗം – V (ചോദ്യങ്ങൾ 121-150) ഉത്തരമെഴുതുക.**

**താഴെ കൊടുത്തിരിക്കുന്ന ഗദ്യഭാഗം വായിച്ച് ചോദ്യങ്ങൾക്ക് (121-128) ശരിയായ ഉത്തരം തെരഞ്ഞെടുത്ത് എഴുതുക.**

കവിത നിലനില്ക്കുകയം വികസിയ്ക്കുകയും വേണം. കൂടുതൽ കൂടുതൽ ആളുകൾ അതിലേയ്ക്കാകർഷിയ്ക്കപ്പെടണം. കാരണം, സാഹിത്യത്തിന്റെ പല പിഭാഗങ്ങളിൽ ഒന്നു മാത്രമാണെങ്കിൽക്കൂടി, ഇതര-വിഭാഗങ്ങളെ അപേക്ഷിച്ച് അതിന്നുള്ള വൈശിഷ്ട്യം ഇന്നും അഭംഗമായിത്തന്നെ നിലകൊള്ളുന്നു. വൃത്തസംഗീതത്തിലൂടെ ആവിഷ്കരിയ്ക്കപ്പെടുന്ന ഭാവനോദ്ഭാസിതമായ ഭാസിതമായ ആശയത്തെയാണല്ലോ നാം കവിതയെന്നു പറയുന്നത്. മനുഷ്യന്റെ സൗന്ദര്യാവബോധപ്രവണതകളിൽ ഏറ്റവും മൗലികവും പ്രാഥമികവുമായവയ്ക്കു തൃപ്തി നൽകുന്നവയത്രേ കവിതയുടെ ഘടകങ്ങളായ സംഗീതവും ഭാവനയും. കവിതയുടെ ഘടകങ്ങളിലൊന്നിനെ വേർതിരിച്ചെടുത്തു പ്രസ്തരിച്ചു വളർത്തിക്കൊണ്ടുവന്നതാകുന്നു മഹത്തായ സംഗീതകല. സാഹിത്യത്തിന്റെ മറ്റെല്ലാ ശാഖകൾക്കും അർത്ഥവും ജീവനും നൽകുന്നതാകട്ടെ, ഭാവനയാണ്.

ഭാവനയുടെ അഭാവത്തിൽ കഥയും നോവലും ഉപന്യാസവുമൊക്കെ ഉണങ്ങിക്കരിഞ്ഞുയിരറ്റു പോകുന്നു. കവിതയിലൂടെ ആവിഷ്കരിയ്ക്കപ്പെടുന്ന ആശയം-മനുഷ്യവർഗ്ഗത്തിന്റെ ആന്തര-സംസ്കരണത്തിൽ ഏറ്റവുമധികം പങ്കു വഹിച്ചിട്ടുള്ളത് അതത്രേ; ഇനിയും വഹിയ്ക്കുവാൻ കഴിവുള്ളതും അതിന്നത്രേ. "മനുഷ്യവർഗ്ഗത്തിന്നു പൈതൃക-

മായി കിട്ടിയിട്ടുള്ള കൈയിന്റെ ആകൃതി മാറ്റാതെ തന്നൊ, ആയുധം കൈയിനെ ഒരു പുതിയ പ്രവർത്തനത്തിന്നു യോജിച്ചതാക്കിത്തീർക്കുന്നു. മനുഷ്യ-ഹൃദയത്തിലെ ശാശ്വതാഭിലാഷങ്ങളെ മാറ്റാതെ തന്നെ കവിത ഹൃദയത്തെ ഒരു പുതിയ ഉദ്ദേശ്യത്തിന്നൊരുക്കുന്നു" എന്നു പറയുമ്പോൾ ഒരു നിരൂപകൻ ഉദ്ദേശിയ്ക്കുന്നതും ഇതു തന്നെ. അതിനാൽ കലകളിൽ വെച്ചേറ്റവും ഉൽ കൃഷ്ടം കവിതയാണെന്നു പറയുന്നതിൽ തെറ്റില്ല. സംസാരവിഷ വൃക്ഷത്തിന്റെ അമൃതഫലമായി കവിതയെ വർണ്ണിച്ച പ്രാചീന ഭാരതീയനും ഉദ്ദേശിച്ചത് ഇതു തന്നെയാവണം. അതിനാൽ കവിത നിലനില്ക്കണം. അതു വളരണം.

**121. കലകളിൽവെച്ച് ഏറ്റവും ഉൽകൃഷ്ടമെന്ന് ലേഖകൻ കരുതുന്നത് ഏത് ?**

(1) കവിത

(2) കഥ

(3) നോവൽ

(4) ഉപന്യാസം

**122. മനുഷ്യന്റെ സൗന്ദര്യാവബോധത്തിനു തൃപ്തി നല്കുന്നതായി ചൂണ്ടി-ക്കാട്ടുന്നത് ഏതെല്ലാം ?**

(1) സംഗീതവും സാഹിത്യവും

(2) സംഗീതവും സൗന്ദര്യവും

(3) സൗന്ദര്യവും ഭാവനയും

(4) സംഗീതവും ഭാവനയും

**123. മനുഷ്യവർഗ്ഗത്തിന്റെ ആന്തര സംസ്കരണത്തിൽ ഏറ്റവുമധികം പങ്കുവഹിച്ചത് ഏതാണ് ?**

(1) കവിതയിലെ സംഗീതം

(2) കവിതയിലെ ആശയം

(3) ഹൃദയത്തിലെ അഭിലാഷങ്ങൾ

(4) മനുഷ്യന്റെ സൗന്ദര്യാവബോധം

**124. കവിതയുടെ ഘടകങ്ങളിലൊന്നിനെ വളർത്തിയെടുത്തതായി ലേഖകൻ സങ്കല്പിക്കുന്നത് എന്താണ് ?**

(1) സംഗീതം

(2) സാഹിത്യം

(3) ചിത്രകല

(4) ശില്പകല

**125. അഭിലാഷം എന്ന പദത്തിന്റെ അർത്ഥം**

(1) ആനന്ദം

(2) അഭിപ്രായം

(3) ആഗ്രഹം

(4) അനുയോജ്യം

**126. 'ഉൽകൃഷ്ടം' എന്നതിന്റെ വിപരീത പദം ഏത് ?**

(1) നികൃഷ്ടം

(2) അപകൃഷ്ടം

(3) കഷ്ടം

(4) പരാമൃഷ്ടം

**127. കഥയും കവിതയും നോവലും നിർജ്ജീവമാകുന്നത് ഏതിന്റെ അഭാവത്തിൽ ആണ് ?**

(1) നർമ്മത്തിന്റെ

(2) സൗന്ദര്യത്തിന്റെ

(3) സംഗീതത്തിന്റെ

(4) ഭാവനയുടെ

**128. കവിതയുടെ ആശയത്തിനു ഭംഗിനല്കുന്ന ഘടകമേത് ?**

(1) വൃത്തം

(2) സംഗീതം

(3) ഭാവന

(4) അലങ്കാരം

**താഴെ കൊടുത്തിരിക്കുന്ന ഗദ്യഭാഗം വായിച്ച് ചോദ്യങ്ങൾക്ക് (129-135) ശരിയായ ഉത്തരം തെരഞ്ഞെടുത്ത് എഴുതുക.**

ഉത്തമമായ സാഹിത്യം വ്യക്തിഗതമായ ആവിഷ്ക്കാരം എന്നതിനപ്പുറം കാലഘട്ടത്തിന്റെ സമസ്യകളെ സ്പർശിച്ചുണർത്തുന്നവയായിരിക്കും. സമൂഹത്തിൽ ആദർശമാലിന്യവും കർമ്മമാലിന്യവും കലർന്ന് മനുഷ്യജീവിതം ജീർണ്ണോന്മുഖമാകയും സംസ്കാരം ക്ഷയിക്കുകയും ചെയ്യുമ്പോൾ സാഹിത്യത്തിന് പ്രതിരോധധർമ്മം കൈവരാറുണ്ട്. സങ്കീർണ്ണമായ ജീവിതപരിതോവസ്ഥകൾ വ്യക്തിമനസ്സിലും സമൂഹമനസ്സിലും സംഘർഷം സൃഷ്ടിക്കുമ്പോൾ സാഹിത്യം മാർഗ്ഗനക്ഷത്രമാകുകതന്നെ വേണം. ഈ നിരീക്ഷണങ്ങളോട് തികച്ചും നീതി പുലർത്തുന്നവയാണ് എൻ. വി. കൃഷ്ണവാരിയരുടെ സാഹിത്യസപര്യ. സമകാലത്തോട് ഏറ്റവും അർത്ഥവത്തായും ത്വരിതമായും സംവദിച്ച കവിത എന്ന് എൻ.വി.ക്കവിതയെപ്പറ്റി ഡോ. എം. ലീലാവതിയുടെ നിരീക്ഷണം ശ്രദ്ധേയമാണ്. കാല്പനികതയോട് സമർത്ഥമായി പ്രതികരിച്ചു എന്നതുമാത്രമല്ല പുതിയൊരുസംവേദനക്ഷമത വളർത്തിയെടുക്കാനുള്ള സാഹചര്യം സൃഷ്ടിച്ചു എന്നതുകൂടിയാണ് എൻ.വി.യെ വരിഷ്ഠകവിയാക്കുന്നത്. വിവിധ വിജ്ഞാനശാഖകളിൽ നിന്ന് ആർജ്ജിച്ച അറിവും സമ്പന്നമായ അനുഭവങ്ങളിലൂടെനേടിയ സാമാന്യ ബോധവും അദ്ദേഹത്തിന്റെ മനസ്സിനും ഹൃദയത്തിനും പക്വതയും വിശാലതയും നല്കിയിരുന്നു. അതുകൊണ്ടുതന്നെ സംഭവങ്ങളോടും വസ്തുതകളോടും പ്രതികരിക്കുമ്പോൾ വൈകാരികതയേയും വൈചാരികതയേയും സമന്വയിപ്പിച്ചു കൊണ്ടുപോകാൻ അദ്ദേഹത്തിനു കഴിയുമായിരുന്നു. സാഹിത്യം പോലെ തന്നെ കൽപ്പാക്കം അണുവൈദ്യുതി നിലയവും പരിസ്ഥിതി സന്തുലനവും ജനസംഖ്യയും ചെത്തിലപ്പട്ടികളുമെല്ലാം അദ്ദേഹത്തിന്റെ താല്പര്യത്തിനു പാത്രമായിരുന്നു. ജീവിതത്തെ സമഗ്രമായി കാണാൻ കഴിയുമായിരുന്നു എന്നതിനാൽ സാഹിത്യത്തിന്റെ ധർമ്മവും മർമ്മവും അദ്ദേഹത്തിനു വ്യക്തമായറിയാമായിരുന്നു. അതുകൊണ്ടുതന്നെ എല്ലാത്തരം പീഡനങ്ങൾക്കും മർദ്ദനങ്ങൾക്കും ചൂഷണങ്ങൾക്കും എതിരായ പ്രതിരോധങ്ങളാണ് അദ്ദേഹത്തിന്റെ കവിതകൾ.

ജീവിതം എൻ.വി.യെ സംബന്ധിച്ചിടത്തോളം മനുഷ്യരുടെ മാത്രം അവകാശമല്ല.

**129. എൻ.വി.യുടെ വീക്ഷണത്തിൽ ജീവിതം എന്താണ് ?**

(1) മനുഷ്യനുവേണ്ടിയുള്ളതാണ്

(2) മനുഷ്യർക്കു മാത്രമുള്ളതാണ്

(3) മനുഷ്യരുടെ മാത്രമം അവകാശമല്ല

(4) മനുഷ്യരുടെ മാത്രം അവകാശമാണ്

**130. എൻ.വി.യെ വരിഷ്ഠ കവിയാക്കുന്ന തെന്താണ് ?**

(1) അഗാധമായ പാണ്ഡിത്യം

(2) കവി തയിലെ കാല്പനിക ഭംഗി

(3) പുതിയ കാലത്തെക്കുറിച്ച് സ്വപ്നം കണ്ടു

(4) നവ്യമായ സംവേദനക്ഷമത സൃഷ്ടിച്ചു

**131. എൻ. വിയുടെ സ്വഭാവ സവിശേഷത-കളിൽ പെടാത്തത് ഏത് ?**

(1) വൈകാരികതയും വൈചാരികതയും സമന്വയിപ്പിച്ചു

(2) കാല്പനിക സൗന്ദര്യത്തിൽ മതിമറന്നു

(3) പീഡനത്തിനും ചൂഷണത്തിനുമെതിരായ പ്രതിരോധം തീർത്തു.

(4) ജീവിതത്തെ സമഗ്രതയിൽ കണ്ടു

**132. ഉത്തമമായ സാഹിത്യത്തിന്റെ സ്വഭാവ മെന്താണ് ?**

(1) വ്യക്തിഗതമായ ആവിഷ്കാരം മാത്രമാണ്

(2) ആദർശപ്രേരിതമായിരിക്കും

(3) അലങ്കാര സമൃദ്ധമായിരിക്കും

(4) കാലഘട്ടത്തിന്റെ പ്രശ്നങ്ങളെ സ്പർശിക്കുന്നവയായിരിക്കും

**133. സാഹിത്യം പ്രതിരോധധർമ്മം സ്വീകരിക്കുന്നത് എപ്പോൾ ?**

(1) മനുഷ്യജീവിതം ജീർണ്ണിക്കുകയു സംസ്കാരം ക്ഷയിക്കുകയും ചെയ്യുമ്പോൾ

(2) ജീവിതം സങ്കീർണ്ണമായ സമസ്യകളിലൂടെ കടന്നുപോകുമ്പോൾ

(3) സാഹിത്യകാരന്റെ മനസ്സിൽ സംഘർഷം ഉണ്ടാകുമ്പോൾ

(4) ചൂഷണവും പീഡനവും നടക്കുമ്പോൾ

134. 'ത്വരിതം' എന്ന പദത്തിന്റെ അർത്ഥം എന്ത് ?

(1) ശബ്ദം

(2) ചൂട്

(3) വേഗം

(4) ഭയം

135. സമകാലത്തോട് സംവദിച്ച കവിത എന്ന് ലീലാവതി വിശേഷിപ്പിക്കുന്നത് ആരുടെ കവിതയെയാണ് ?

(1) വൈലോപ്പിള്ളി

(2) ഇടശ്ശേരി

(3) എൻ.വി. കൃഷ്ണവാര്യർ

(4) ചങ്ങമ്പുഴ

**നിർദ്ദേശങ്ങൾ : താഴെ കൊടുത്തിരിക്കുന്ന ചോദ്യങ്ങളിൽ ഏറ്റവും ഉചിതമായ ഉത്തരം തെരഞ്ഞെടുത്ത് എഴുതുക.**

136. ടീച്ചർ, ഒരധ്യായം പഠിപ്പിച്ചശേഷം പാഠഭാഗത്തു നിന്നും സാമാന്യനാമം, സംജ്ഞാനാമം, അമൂർത്തനാമം മുതലായ നാമഭേദങ്ങൾ കണ്ടെത്തി കള്ളിതിരിച്ചെഴുതാൻ കുട്ടികളോട് നിർദ്ദേശിക്കുന്നു. ഇത് എന്തിന്റെ ഉദാഹരണമാണ് ?

(1) വ്യാകരണ നിയമങ്ങൾ പരിശോധിക്കുന്നതിന്

(2) വ്യാകരണാധ്യാപനത്തിന്

(3) വ്യാകരണ വിവർത്തന രീതിയ്ക്ക്

(4) സന്ദർഭാനുസൃതമായ വ്യാകരണത്തിന്

137. താഴെ കൊടുത്തവയിൽ ഉപബോധമനസ്സിന്റെ പ്രവർത്തനവും കുട്ടികൾ ആശയവിനിമയത്തിനായി ഉപയോഗിക്കുന്നതും ഏതാണ് ?

(1) ഭാഷാപഠനം

(2) ഭാഷാർജ്ജനം

(3) ദ്വിതീയ ഭാഷ

(4) ഭാഷാകൗശലം

**138.** **ഒരു ടീച്ചറെന്ന നിലയിൽ വിദ്യാർത്ഥികളിലെ വായനാഭിരുചി എങ്ങനെ വർദ്ധിപ്പിക്കാം ?**

(1) പാഠപുസ്തകം മാത്രം വായിക്കാൻ നിർദ്ദേശിച്ചുകൊണ്ട്

(2) അധ്യായസംഗ്രഹം ഹൃദിസ്ഥമാക്കിക്കൊണ്ട്

(3) കുട്ടികളുടെ പ്രായമനുസരിച്ചുള്ള ബാലസാഹിത്യ കൃതികൾ ഉപയോഗിച്ചുകൊണ്ട്

(4) പാഠഭാഗം കുട്ടികളുടെ മാതൃഭാഷയിലേക്കു വിവർത്തനം ചെയ്തു നൽകിയശേഷം ചോദ്യോത്തരങ്ങൾ പഠിക്കാൻ നിർദ്ദേശിച്ചുകൊണ്ട്

**139.** **താഴെ കൊടുത്തവയിൽ കുട്ടികളുടെ ഭാഷാ പഠന നിലവാരം തിട്ടപ്പെടുത്തുന്നതിന് സഹായകമായത് ഏത് ?**

(1) കുട്ടികളോട് പഠിച്ച പദ്യഭാഗം ആംഗ്യ വിക്ഷേപങ്ങളോടെ ചൊല്ലാൻ ആവശ്യപ്പെടുക.

(2) അധ്യായഭാഗം അവരുടെ മാതൃ ഭാഷയിൽ വിവർത്തനം ചെയ്യുക.

(3) സ്വന്തം ആശയങ്ങൾ അവരുടെ ഭാവനയനുസരിച്ച് സ്വതന്ത്രമായി ആവിഷ്കരിക്കാൻ അവസരം നൽകുക.

(4) കുട്ടികളോട് പദ്യഭാഗത്തെ കാവ്യസങ്കേതങ്ങൾ കണ്ടെത്താൻ ആവശ്യപ്പെടുക.

**140.** **ഒരു വിഷയത്തെ കുറിച്ചുള്ള അറിവും സാഹചര്യവും അടിസ്ഥാനമാക്കി കുട്ടികൾ അവർ കേട്ട ഖണ്ഡികയിൽ നിന്ന് അർത്ഥവും ആശയത്തിലേക്കു നയിച്ച വാക്യങ്ങളും പദസംഹിതകളും വാക്കുകളും മനസ്സിലാക്കുന്നു. ഇത്തരത്തിൽകേട്ട വാർത്തയെ വിശദീകരിക്കുന്നത് ഏന്താണ് ?**

(1) കീഴ്-മേൽ ഉപനൈപുണി

(2) മേൽ-കീഴ് ഉപനൈപുണി

(3) ഭാഷാ സാകല്യ സമീപനം

(4) ഉദ്ഗ്രഥിത സമീപനം

**141.** **പഠിതാക്കളുടെ ഭാഷാ വികസനത്തെ മെച്ചപ്പെടുത്തുന്നതിന് താഴെ കൊടുത്തവയിൽ ഏതു പ്രതിപുഷ്ടി (Feedback) ആണ് ഏറ്റവും ഫലപ്രദമായത് ?**

(1) ടീച്ചർ കുട്ടികളുടെ തെറ്റുകൾ ഉടനടി ചൂണ്ടിക്കാട്ടണം.

(2) ഭാഷാപ്രയോഗത്തിൽ ഏറ്റവും കൂടുതൽ പ്രശ്നങ്ങൾ നേരിടുന്ന കുട്ടികളുടെ പ്രതിപുഷ്ടി മാത്രമേ നൽകേണ്ടതുള്ളു.

(3) തെറ്റുകൾ വിലയിരുത്തിയ ശേഷം മാതൃഭാഷയുടെ ഇടപെടൽ മൂലമുണ്ടാകുന്ന തെറ്റുകളൊഴിച്ചുള്ളവ തിരുത്തുന്നതിനുള്ള ഉപായം ടീച്ചർ കണ്ടെത്തണം.

(4) ക്ലാസ്സിൽ തെറ്റുകൾ ചൂണ്ടിക്കാണിക്കുന്നത് കുട്ടികൾക്ക് ഇഷ്ടപ്പെടില്ലെന്നു കരുതി അവ അവഗണിക്കണം.

**142. 'പാഠപുസ്തകത്തിന പ്പുറത്തേക്കു കടക്കുക' എന്നാൽ**

(1) പാഠപുസ്തകത്തിലെ നിലവാരത്തേക്കാൾ അല്പം ഉയർന്ന നിലവാരത്തിൽ പഠിപ്പിക്കുക.

(2) പാഠപുസ്തകങ്ങൾക്കു പുറമേ മറ്റു പ്രഭവങ്ങൾ കൂടി നിർദ്ദേശിക്കുക.

(3) പാഠപുസ്തകം പൂർണ്ണമായി പഠിപ്പിക്കണമെന്നില്ല.

(4) കുട്ടികളുടെ നിലവാരത്തിനപ്പുറമാണ് പാഠപുസ്തകത്തിന്റെ നിലവാര കാഠിന്യം.

**143. ഭാഷയിലെ ഒരധ്യായം പഠിപ്പിക്കുമ്പോൾ ശാസ്ത്ര സാമൂഹികശാസ്ത്ര വിഷയങ്ങൾ കൂടി ടീച്ചർ ഉപയോഗിക്കുകയും കുട്ടികളോട് പാഠഭാഗവുമായി ബന്ധപ്പെടുന്ന അത്തരം വിഷയങ്ങൾ കൂടി വായിക്കാൻ ആവശ്യപ്പെടുകയും ചെയ്യുന്നു. ഈ സമീപനം**

(1) ഇന്റർ ഡിസിപ്ലിനറി

(2) പാഠ്യപദ്ധതിബാഹ്യമായ ഭാഷ

(3) ബഹ്യത്വാധിഷ്ഠിത ഭാഷാധ്യാപനം

(4) വിഷയാധിഷ്ഠിത ഭാഷാധ്യാപനം

**144. പഠിതാക്കളുടെ സംഭാഷണ നൈപുണി ഏറ്റവും മികച്ചതാക്കുന്നതിന്**

(1) ഉത്തേജകവും സങ്കീർണ്ണവുമായ പാഠഭാഗങ്ങൾ വായിക്കണം

(2) ടീച്ചർ നല്കുന്ന മാതൃകോച്ചാരണം ശ്രദ്ധിക്കണം

(3) യഥാർത്ഥ ജീവിത സന്ദർഭങ്ങളിൽ സംഭാഷണം നടത്തുക

(4) സംഭാഷണത്തിൽ തെറ്റുകൾ പൂർണ്ണമായും ഒഴിവാക്കുക

**145. വ്യാകരണപഠനം പഠിതാക്കളുടെ ഏതു ശേഷിമെച്ചപ്പെടുത്തുന്നു ?**

(1) സാക്ഷരത

(2) കൃത്യത

(3) അനർഗളത

(4) പദസഞ്ചയം

**146. ക്ലാസ്സിൽ തൊട്ടടുത്തിരിക്കുന്ന കുട്ടിയോട് മഴ ദിവസത്തെ അനുഭവങ്ങൾ വിവരിച്ചുകൊടുക്കാൻ ടീച്ചർ നിർദ്ദേശിക്കുന്നു. ഇത് :**

(1) വിവരണ വേളയിൽ ക്ലാസ്സ് ശബ്ദ മുഖരിതമാകുന്നു.

(2) ആശയാവിഷ്കരണത്തിനായി കുട്ടികളുടെ വാചികശേഷി വർദ്ധിപ്പിക്കുന്നു.

(3) ക്ലാസ്സിൽ അച്ചടക്കരാഹിത്യം സൃഷ്ടിക്കുന്നു.

(4) പാഠപുസ്തകം വായിക്കുന്നതിലുള്ള വിരസത ഒഴിവാക്കുന്നു.

**147.** എഴുത്തു പ്രക്രിയയിലെ ഘട്ടങ്ങൾ :

a. തിരുത്തൽ

b. ബൗദ്ധിക വിക്ഷോഭം

c. പുനഃ പരിശോധന

d. കരടു തയ്യാറാക്കൽ

(1) a b c d

(2) b c a d

(3) a d c b

(4) b d c a

**148.** ഒരു ഭാഷാധ്യാപിക കുട്ടികളോട് അവരുടെ ഏറ്റവും മികച്ച അഞ്ചു രചനകൾ പോർട്ട്ഫോളിയോവിൽ ഉൾപ്പെടുത്താനും മറ്റുള്ളവ ഒഴിവാക്കാനും നിർദ്ദേശിക്കുന്നു. പിന്നീട് ഈ അഞ്ചെണ്ണം തെരഞ്ഞെടുത്തതിനെ കുറിച്ചുള്ള അവരുടെ അഭിപ്രായം വ്യക്തമാക്കാൻ ആവശ്യപ്പെടുന്നു. ഈ പ്രക്രിയ :

(1) സമപ്രായ മൂല്യനിർണയം (Peer)

(2) സ്വയം മൂല്യനിർണയം (Self)

(3) അധ്യാപക മൂല്യനിർണയം (Teacher)

(4) ആത്യന്തിക മൂല്യനിർണയം (Summative)

**149.** പ്രാഥമികതലത്തിലുള്ള ഭാഷാപഠനത്തിന് താഴെ കൊടുത്തവയിൽ ഏതു പ്രഭവമാണ് ഏറ്റവും പ്രധാനം ?

(1) ബാലസാഹിത്യം

(2) വർത്തമാന പത്രം

(3) കമ്പ്യൂട്ടർ

(4) ക്ലാസ്സുമുറിയിലെ പഠന വസ്തുക്കൾ (Realia)

**150.** കുട്ടികളിൽ വാചിക നൈപുണി വികസിപ്പിക്കുന്നതിന് താഴെ കൊടുത്തവയിൽ പ്രാധാന്യം തീരെയില്ലാത്ത പ്രവർത്തനമേത് ?

(1) വസ്തുവിനെ കുറിച്ചുള്ള വിവരണം

(2) ഒരു കഥ സ്വന്തം വാക്കുകളിൽ വിവരിക്കൽ

(3) ടീച്ചർ പറഞ്ഞ കഥ ആവർത്തിക്കൽ

(4) ഒരു സംഭവം വിവരിക്കൽ

## SPACE FOR ROUGH WORK

**താഴെ തന്നിരിക്കുന്ന നിർദ്ദേശങ്ങൾ സശ്രദ്ധം വായിക്കുക :**

1. വിവിധ ചോദ്യങ്ങൾക്ക് ഉത്തരമെഴുതേണ്ടവിധം പരീക്ഷാ പുസ്തികയിൽ നൽകിയിരിക്കുന്നത് ശ്രദ്ധിച്ചു വായിച്ചശേഷം ഉത്തരമെഴുതാൻ തുടങ്ങുക.
2. ഓരോ ചോദ്യത്തിനും നാലു പക്ഷാന്തരങ്ങൾ തന്നിരിക്കുന്നു, അവയിൽ ശരിയുത്തരത്തിനുള്ള വട്ടത്തിൽ OMR ഉത്തരക്കടലാസ്സിൽ നീല പേനകൊണ്ട് പൂർണ്ണമായും നിറച്ച് രേഖപ്പെടുത്തുക. ഒരിയ്ക്കൽ രേഖപ്പെടുത്തിയ ഉത്തരം മാറ്റാവുന്നതല്ല.
3. ഉത്തരക്കടലാസ്സ് മടക്കരുത്. അതിൽ അനാവശ്യമായ രേഖപ്പെടുത്തലുകളോ മറ്റോ ഇല്ല എന്ന് പരീക്ഷാർത്ഥികൾ ഉറപ്പു വരുത്തുക. നിർദ്ദേശിച്ച ഇടത്തല്ലാതെ മറ്റൊരിടത്തും സ്വന്തം റോൾ നമ്പർ എഴുതരുത്.
4. പരീക്ഷാ പുസ്തിക സൂക്ഷിച്ച് കൈകാര്യം ചെയ്യുക. യാതൊരു കാരണവശാലും (പരീക്ഷാ പുസ്തിക സങ്കേതമോ ഉത്തരക്കടലാസ്സിലെ സങ്കേതമോ തമ്മിലുള്ള അപാകതയൊഴിച്ച്) മറ്റൊരു സെറ്റ് ലഭിക്കുന്നതല്ല.
5. ഹാജർ ഷീറ്റിൽ ശരിയായ പരീക്ഷാ പുസ്തിക സങ്കേതവും ഉത്തരക്കടലാസ്സ് സങ്കേതവും പരീക്ഷാർത്ഥി എഴുതിയിരിക്കണം.
6. OMR ഉത്തരക്കടലാസ് പരിശോധിക്കുന്നത് ഒരു യന്ത്രമായതിനാൽ സൂചനകൾ അപൂർണ്ണമോ അഡ്മിറ്റ് കാർഡിൽ നിന്നു വ്യത്യസ്തമോ ആവരുത്.
7. അഡ്മിറ്റ് കാർഡ് ഒഴിച്ച് അച്ചടിച്ചതോ എഴുതിയതോ ആയ യാതൊരു പ്രമാണമോ, കടലാസ്സു-കഷ്ണങ്ങളോ, പേജറോ, മൊബൈൽ ഫോണോ വൈദ്യുതി ഉപകരണങ്ങളോ മറ്റൊരു വസ്തുവും പരീക്ഷാർത്ഥിയുടെ കൈവശം ഉണ്ടാവരുത്.
8. മൊബൈൽ ഫോണോ മറ്റു വയർലസ് സംവിധാനങ്ങളോ (സ്വിച്ച് ഓഫ് മോഡിൽപോലും) നിരോധിക്കപ്പെട്ട വസ്തുക്കളോ പരീക്ഷാ ഹാളിൽ കൊണ്ടു വരരുത്. ഈ നിർദ്ദേശത്തിനു വിരുദ്ധമായി പ്രവർത്തിക്കുന്നത് പരീക്ഷാ ക്രമക്കേടിന്റെ ഭാഗമായി കണക്കാക്കി അവർക്കെതിരെ പരീക്ഷാ റദ്ദാക്കുന്നതുൾപ്പടെയുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.
9. ആവശ്യപ്പെട്ടാൽ ഇൻവിജിലേറ്ററിന് അഡ്മിറ്റ് കാർഡ് കാണിക്കേണ്ടതാണ്.
10. സെന്റർ സൂപ്രണ്ടിന്റെയോ/ഇൻവിജിലേറ്ററിന്റെയോ പ്രത്യേക അനുമതിയില്ലാതെ പരീക്ഷാർത്ഥി സ്വന്തം ഇരിപ്പിടം വിടരുത്.
11. ഹാജർഷീറ്റ് രണ്ടു തവണ ഒപ്പിടുകയും ഉത്തരക്കടലാസ്സ് തിരിച്ച് ഇൻവിജിലേറ്ററിനെ ഏല്പിക്കുകയും ചെയ്യാതെ പരീക്ഷാർത്ഥി പരീക്ഷാ ഹാൾ വിടരുത്. രണ്ടാം പ്രാവശ്യം ഹാജർ ഷീറ്റു ഒപ്പിടാത്ത കേസുകൾ ഉത്തരക്കടലാസ്സ് ഏല്പിക്കാത്തതായും ക്രമക്കേടുകാട്ടിയതായും കണക്കാക്കും.
12. ഇലക്ട്രോണിക്/മാനുഷിക കാൽക്കുലേറ്റർ നിരോധിച്ചിരിക്കുന്നു.
13. ബോർഡിന്റെ എല്ലാ നിയമങ്ങളും നിബന്ധനകളും പരീക്ഷാർത്ഥിക്ക് ബാധകമാണ്. എല്ലാവിധ ക്രമക്കേടുകളിലും ബോർഡിന്റെ നിയമവും നിബന്ധനയും അനുസരിച്ച് ഇടപെടുന്നതായിരിക്കും.
14. പരീക്ഷാ പുസ്തികയുടെയും ഉത്തരക്കടലാസ്സിന്റെയും യാതൊരു അംശവും വേർപെടുത്തുവാൻ പാടില്ല.
15. പരീക്ഷ എഴുതിക്കഴിഞ്ഞാൽ പരീക്ഷാർത്ഥികൾ ഉത്തരക്കടലാസ്സ് ഇൻവിജിലേറ്ററിനെ ഏല്പിച്ചിരിയ്ക്കണം. ഈ പുസ്തിക പരീക്ഷാർത്ഥിക്ക് കൂടെ കൊണ്ടുപോകാവുന്നതാണ്.

**निम्नलिखित निर्देशों को ध्यान से पढ़ें :**

1. जिस प्रकार से विभिन्न प्रश्नों के उत्तर दिए जाने हैं उसका वर्णन परीक्षा पुस्तिका में किया गया है, जिसे आप प्रश्नों का उत्तर देने से पहले ध्यान से पढ़ लें ।
2. प्रत्येक प्रश्न के लिए दिए गए चार विकल्पों में से सही उत्तर के लिए OMR उत्तर पत्र के **पृष्ठ-2** पर केवल एक वृत्त को ही पूरी तरह **काले/नीले बॉल पॉइन्ट पेन** से भरें । एक बार उत्तर अंकित करने के बाद उसे बदला नहीं जा सकता है ।
3. परीक्षार्थी सुनिश्चित करें कि इस उत्तर पत्र को मोड़ा न जाए एवं उस पर कोई अन्य निशान न लगाएँ । परीक्षार्थी अपना अनुक्रमांक उत्तर-पत्र में निर्धारित स्थान के अतिरिक्त अन्यत्र न लिखें ।
4. परीक्षा पुस्तिका एवं उत्तर पत्र का ध्यानपूर्वक प्रयोग करें, क्योंकि किसी भी परिस्थिति में (केवल परीक्षा पुस्तिका एवं उत्तर पत्र के संकेत या संख्या में भिन्नता की स्थिति को छोड़कर) दूसरी परीक्षा पुस्तिका उपलब्ध नहीं करायी जाएगी ।
5. परीक्षा पुस्तिका / उत्तर पत्र में दिए गए परीक्षा पुस्तिका संकेत व संख्या को परीक्षार्थी सही तरीके से हाज़िरी-पत्र में लिखें ।
6. OMR उत्तर पत्र में कोडित जानकारी को एक मशीन पढ़ेगी । इसलिए कोई भी सूचना अधूरी न छोड़ें और यह प्रवेश-पत्र में दी गई सूचना से भिन्न नहीं होनी चाहिए ।
7. परीक्षार्थी द्वारा परीक्षा हॉल/कक्ष में प्रवेश-पत्र के सिवाय किसी प्रकार की पाठ्य-सामग्री, मुद्रित या हस्तलिखित, कागज़ की पर्चियाँ, पेजर, मोबाइल फोन, इलेक्ट्रॉनिक उपकरण या किसी अन्य प्रकार की सामग्री को ले जाने या उपयोग करने की अनुमति नहीं है ।
8. मोबाइल फोन, बेतार संचार युक्तियाँ (स्वीच ऑफ अवस्था में भी) और अन्य प्रतिबंधित वस्तुएँ परीक्षा हॉल/कक्ष में नहीं लाई जानी चाहिए । इस सूचना का पालन न होने पर इसे परीक्षा में अनुचित साधनों का प्रयोग माना जाएगा और उनके विरुद्ध कार्यवाही की जाएगी, परीक्षा रद्द करने सहित ।
9. पूछे जाने पर प्रत्येक परीक्षार्थी, निरीक्षक को अपना प्रवेश-पत्र दिखाएँ ।
10. केन्द्र अधीक्षक या निरीक्षक की विशेष अनुमति के बिना कोई परीक्षार्थी अपना स्थान न छोड़ें ।
11. कार्यरत निरीक्षक को अपना उत्तर पत्र दिए बिना एवं हाज़िरी-पत्र पर दुबारा हस्ताक्षर किए बिना परीक्षार्थी परीक्षा हॉल/कक्ष नहीं छोड़ेंगे । यदि किसी परीक्षार्थी ने दूसरी बार हाज़िरी-पत्र पर हस्ताक्षर नहीं किए, तो यह माना जाएगा कि उसने उत्तर पत्र नहीं लौटाया है और यह अनुचित साधन का मामला माना जाएगा । **परीक्षार्थी अपने बाएँ हाथ के अंगूठे का निशान हाज़िरी-पत्र में दिए गए स्थान पर अवश्य लगाएँ ।**
12. इलेक्ट्रॉनिक / हस्तचालित परिकलक का उपयोग वर्जित है ।
13. परीक्षा हॉल/कक्ष में आचरण के लिए परीक्षार्थी बोर्ड के सभी नियमों एवं विनियमों द्वारा नियमित हैं । अनुचित साधनों के सभी मामलों का फैसला बोर्ड के नियमों एवं विनियमों के अनुसार होगा ।
14. किसी हालत में परीक्षा पुस्तिका और उत्तर पत्र का कोई भाग अलग न करें ।
15. **परीक्षा सम्पन्न होने पर, परीक्षार्थी हॉल / कक्ष छोड़ने से पूर्व उत्तर पत्र कक्ष-निरीक्षक को अवश्य सौंप दें । परीक्षार्थी अपने साथ इस परीक्षा पुस्तिका को ले जा सकते हैं ।**

**READ THE FOLLOWING INSTRUCTIONS CAREFULLY:**

1. The manner in which the different questions are to be answered has been explained in the Test Booklet which you should read carefully before actually answering the questions.
2. Out of the four alternatives for each question, only one circle for the correct answer is to be darkened completely with **Black/Blue Ball Point Pen** on **Side-2** of the OMR Answer Sheet. The answer once marked is not liable to be changed.
3. The candidates should ensure that the Answer Sheet is not folded. Do not make any stray marks on the Answer Sheet. Do not write your Roll No. anywhere else except in the specified space in the Answer Sheet.
4. Handle the Test Booklet and Answer Sheet with care, as under no circumstances (except for discrepancy in Test Booklet Code or Number and Answer Sheet Code or Number), another set will be provided.
5. The candidates will write the correct Test Booklet Code and Number as given in the Test Booklet / Answer Sheet in the Attendance Sheet.
6. A machine will read the coded information in the OMR Answer Sheet. Hence, no information should be left incomplete and it should not be different from the information given in the Admit Card.
7. Candidates are not allowed to carry any textual material, printed or written, bits of papers, pager, mobile phone, electronic device or any other material except the Admit Card inside the examination hall/ room.
8. Mobile phones, wireless communication devices (even in switched off mode) and the other banned items should not be brought in the examination halls/ rooms. Failing to comply with this instruction, it will be considered as using unfair means in the examination and action will be taken against them including cancellation of examination.
9. Each candidate must show on demand his / her Admit Card to the Invigilator.
10. No candidate, without special permission of the Centre Superintendent or Invigilator, should leave his / her seat.
11. The candidates should not leave the Examination Hall/ Room without handing over their Answer Sheet to the Invigilator on duty and sign the Attendance Sheet twice. Cases where a candidate has not signed the Attendance Sheet second time will be deemed not to have handed over the Answer Sheet and dealt with as an unfair means case. **The candidates are also required to put their left hand THUMB impression in the space provided in the Attendance Sheet.**
12. Use of Electronic / Manual Calculator is prohibited.
13. The candidates are governed by all Rules and Regulations of the Board with regard to their conduct in the Examination Hall/Room. All cases of unfair means will be dealt with as per Rules and Regulations of the Board.
14. No part of the Test Booklet and Answer Sheet shall be detached under any circumstances.
15. **On completion of the test, the candidate must hand over the Answer Sheet to the Invigilator in the Hall / Room.** ***The candidates are allowed to take away this Test Booklet with them.***